**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3790 — 17.10.2011 ൽ മറുപടിക്ക്

## വയനാട് - മൈസൂർ ദേശീയപാതയിൽ രാത്രിയാത്രാ നിരോധനം

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) ബന്ദിപ്പൂർ മേഖലയെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായി പ്രഖ്യാപിച്ച് കേന്ദ്ര - വനം പരിസ്ഥിതി മന്ത്രാലയം ഈയിടെ പുതിയ വിജ്ഞാപനം ഇറക്കുകയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) SO 2154(E) നമ്പരായി 21.9.2011 ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സോൺ ഒന്നിൽ രാത്രികാല യാത്ര നിയന്ത്രിക്കാനും സോൺ 2-ൽ രാത്രിയിൽ വാഹന ഗതാഗതം അനുവദിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് വയനാട് - മൈസൂർ ദേശീയ പാതയിൽ രാത്രിയാത്രാ നിരോധനം നീക്കി എടുക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് തിരിച്ചടിയാകുമോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഇത് രാത്രിയാത്രാ നിരോധനം നീക്കിക്കിട്ടാനുള്ള ശ്രമങ്ങൾക്ക് പ്രതികൂലമാകാൻ സാധ്യതയുണ്ട്. |
| (സി) ഇത് സംബന്ധമായ കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലുണ്ടോ; എങ്കിൽ അത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) ഉണ്ട്, സർക്കാർ ഫയൽ ചെയ്തിട്ടുള്ള SLP(C)No.13838/10 എന്ന കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ് |
| (ഡി) പുതിയ വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ സുപ്രീം കോടതിയിൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കും; നിയമ വിദഗ്ദ്ധരുടെ അഭിപ്രായം ആരായുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) പുതിയ കരട് വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ നിയമവിദഗ്ധരുമായി ബന്ധപ്പെട്ടതിനു ശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ